**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3809** **17-03-2025-ൽ മറുപടിയ്ക്ക്**

**<u>സിവിൽ സർവ്വീസ് ഒഴിവുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് യു.പി.എസ്.സി. പരീക്ഷയിലൂടെ നേരിട്ട് റിക്രൂട്ട് ചെയ്യപ്പെടുന്നവർക്കായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

**<u>മറുപടി:</u>** നിലവിലുള്ള ഐ.എ.എസ്സ് cadre strength പ്രകാരം ആകെ 161 എണ്ണം നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിരിക്കുന്നു.

**(ബി)** ഇത്തരത്തിൽ ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ്(പ്രമോഷൻ) വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന കേഡറിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീനിയർ ഡ്യൂട്ടി പോസ്റ്റ്, സെൻട്രൽ ഡെപ്യൂട്ടേഷൻ റിസർവ്വ് , സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ റിസർവ്വ് , ടെയിനിങ് റിസർവ്വ് എന്നിവയുടെ ആകെ എണ്ണമായ 211ന്റെ 33 1/3 ശതമാനമായ 70 എണ്ണത്തിൽ 60 എണ്ണം സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിനും 70 എണ്ണത്തിന്റെ 15 ശതമാനമായ 10 എണ്ണം നോൺ.-സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സെലക്ഷൻ വഴിയുള്ള നിയമനത്തിനുമായി നിക്കിവച്ചിരിക്കുന്നു.

**(സി)** സംസ്ഥാനത്ത് ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ്(സെലക്ഷൻ) വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന കേഡറിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീനിയർ ഡ്യൂട്ടി പോസ്റ്റ്, സെൻട്രൽ ഡെപ്യൂട്ടേഷൻ റിസർവ്വ് , സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ റിസർവ്വ് , ടെയിനിങ് റിസർവ്വ് എന്നിവയുടെ ആകെ എണ്ണമായ 211ന്റെ 33 1/3 ശതമാനമായ 70 എണ്ണത്തിൽ 60 എണ്ണം സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിനും 70 എണ്ണത്തിന്റെ 15 ശതമാനമായ 10 എണ്ണം നോൺ.-സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സെലക്ഷൻ വഴിയുള്ള നിയമനത്തിനുമായി നിക്കിവച്ചിരിക്കുന്നു.

**(ഡി)** ഐ.എ.എസ്. കൺഫേഡ് ചെയ്യപ്പെട്ട എത്ര പേർ ഇപ്പോൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സ്റ്റേറ്റ് സിവിൽ സർവിസ് വിഭാഗത്തിൽ നിന്നും 1996 ബാച്ച് മുതൽ 2015 ബാച്ച് വരെയുള്ള 13 ഉദ്യോഗസ്ഥരും നോൺ സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിൽ നിന്നും 2004 ബാച്ച് മുതൽ 2019 ബാച്ച് വരെയുള്ള 10 ഉദ്യോഗസ്ഥരും നിലവിൽ ജോലി ചെയ്യുന്നുണ്ട്.

**(ഇ)** സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഐ.എ.എസ്. നിയമനം (പ്രമോഷൻ & സെലക്ഷൻ) നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങളിലും ഒഴിവുകൾക്കായി നീക്കിവെച്ചിരിക്കുന്ന നിലവിലെ ശതമാനത്തിലും കാലോചിതമായ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ എട്ട് വർഷം പൂർത്തിയാക്കിയ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തുല്യമായ തസ്തികയിൽ എട്ട് വർഷം സർവീസ് പൂർത്തിയാക്കിയ നോൺ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് യഥാക്രമം Indian Administrative Service (Appointment by Promotion) Regulation 1955, Indian Administrative Service (Appointment by Selection), Regulation 1997 എന്നിവ പ്രകാരം ഐ.എ.എസിലേക്ക് പ്രമോഷനും സെലക്ഷനും നൽകി വരുന്നുണ്ട്. മേൽപ്പറഞ്ഞ Regulations-ൽ മാറ്റം വരുത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ ആണ് നിക്ഷിപ്തമായിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**